നം.സി ജനറൽ(1)/45114/2009/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം - 12.
തീയതി : 16.02.2010.

# <u>സർക്കുലർ</u>

**വിഷയം :- എസ്.എസ്.എൽ.സി പരീക്ഷ - മാർച്ച് 2010 - ഫോട്ടോ ഡിജിറ്റലൈസ് ചെയ്ത ഐ.സി.ആർ ഫോമുകളുടെ പ്രിന്റൗട്ട് പരിശോധന സംബന്ധിച്ച് -**

**സൂചന :- ഈ ഓഫീസിലെ ഇതേ നമ്പർ വിജ്ഞാപനം തീയതി 01/10/2009.**

2010 മാർച്ച് മാസം നടക്കുന്ന എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന റഗുലർ വിദ്യാർത്ഥികളുടെ ഫോട്ടോ ഡിജിറ്റലൈസ് ചെയ്ത ഐ.സി.ആർ ഫോമുകളുടെ പ്രിന്റൗട്ട് ചീഫ് സൂപ്രണ്ടുമാർ ജില്ലാവിദ്യാഭ്യാസ ഓഫീസിൽ നിന്ന് ഇന്നു തന്നെ സ്വീകരിക്കേണ്ടതും ഭേദഗതികൾ, തിരുത്തലുകൾ വരുത്തേണ്ട പക്ഷം ആയവ നടത്തിയ ശേഷം 22/02/2010 തിങ്കളാഴ്ച വൈകുന്നേരം 5 മണിക്കോ അതിനുമുമ്പായോ തിരികെ DEO ഓഫീസിൽ ഏൽപ്പിക്കേണ്ടതുമാണ്.

പ്രിന്റൗട്ട് പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

1. ചീഫ് സൂപ്രണ്ടുമാർ തങ്ങളുടെ സ്കൂളിൽ 2010 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ ഐ.സി.ആർ ഫോമിന്റെ പ്രിന്റൗട്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന രജിസ്റ്റർ നമ്പർ, അഡ്മിഷൻ നമ്പർ, പേര്, ഒപ്പ് എന്നിവ വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട കുട്ടിയുടേതാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

2. പരീക്ഷാർത്ഥികളുടെ ഫോട്ടോ പൂർണ്ണമായോ ഭാഗികമായോ പതിയാതെ വന്നിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി ഇവ ഖണ്ഡിക 3 ൽ പറഞ്ഞിരിക്കുന്ന രീതിയിൽ പ്രത്യേക കവറിലാക്കി മറ്റ് പ്രിന്റൗട്ടുകളോടൊപ്പം തിരികെ നൽകേണ്ടതാണ്.

3. ഇങ്ങനെ തിരികെ സമർപ്പിക്കുമ്പോൾ വിദ്യാർത്ഥികളുടെ ഫോട്ടോകൾ വീണ്ടും ഡിജിറ്റലൈസ് ചെയ്യുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ലഭിക്കുന്ന ഐ.സി.ആർ ഫോമിൽ കുട്ടിയുടെ ഫോട്ടോ ഒട്ടിച്ച് രജിസ്റ്റർ നമ്പരും, അഡ്മിഷൻ നമ്പരും, പേരും ഒപ്പും രേഖപ്പെടുത്തി പ്രത്യേക കവറിലാക്കി കവറിനു പുറത്ത് "ശരിയാക്കിയ ഐ.സി.ആർ ഫോം" എന്ന് രേഖപ്പെടുത്തി മറ്റ് പ്രിന്റൗട്ടുകളോടൊപ്പം വലിയ കവറിൽ ഉള്ളടക്കം ചെയ്ത് സമർപ്പിക്കേണ്ടതാണ്.

4. ഏതെങ്കിലും വിദ്യാർത്ഥിയുടെ ഫോട്ടോ മാറിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദീകരണ കുറിപ്പ് സഹിതം ബ്ളാങ്ക് ഐ.സി.ആർ ഫോമിൽ ഒട്ടിച്ച് മേൽപ്പറഞ്ഞ രീതിയിൽ പ്രത്യേക കവറിലാക്കി സമർപ്പിക്കേണ്ടതാണ്.

5. ഒരു സ്കൂളിലെ എല്ലാ ഐ.സി.ആർ പ്രിന്റൗട്ടുകളും ശരിയാണെന്ന് ഉറപ്പു വരുത്തിയെങ്കിൽ ആ കവറിനു പുറത്ത് പച്ച കളറിലുള്ള സ്ളിപ്പ് ഒട്ടിക്കേണ്ടതാണ്.

6. ഏതെങ്കിലും ഒരു ഐ.സി.ആർ പ്രിന്റൗട്ടിൽ പ്രശ്നങ്ങളുണ്ടെങ്കിൽ ആയത് ശരിയാക്കി പ്രസ്തുത കവറിനു പുറത്ത് ചുവന്ന കളറിലുള്ള സ്ളിപ്പ് ഒട്ടിക്കേണ്ടതാണ്.

7. ഏതെങ്കിലും കവറിൽ സ്ളിപ്പ് ലഭ്യമായില്ലെങ്കിൽ മേൽ സൂചിപ്പിച്ച നിറത്തിലുള്ള പേപ്പർ കവറിനുപുറത്ത് പ്രഥമാദ്ധ്യാപകർ പ്രത്യേകം തയ്യാറാക്കി ഒട്ടിക്കേണ്ടതാണ്.

**സെക്രട്ടറി**